# മയൂഖം



കൊങ്ങോർപ്പിള്ളി ഗവൺമെന്റ് ഹൈടെക് സ്കൂൾ

@

കൊങ്ങോർപ്പിള്ളി

0484 251505

Email :- ghs14kongorpilly@gmail.com






little
KITEs
ലിറ്റിൽ കൈറ്റ്സ്
ഹൈടെക് വിദ്യാലയങ്ങളിലെ
കുട്ടികളുടെ
ഐ.ടി കൂട്ടായ്മ




# സന്ദേശം



പൊതുവിദ്യാലയ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കേരളത്തിലെ വിദ്യാഭ്യാസരംഗം ഒന്നാകെ ഉണർന്ന്പ്രവർത്തിച്ചു വരികയാണ്. നമ്മുടെ വിദ്യാലയവും ഈ കുതിപ്പിനൊപ്പം നീങ്ങുകയാണ്. കുട്ടികളിലെ വിവരസാങ്കേതിക നൈപുണി വികസിപ്പിച്ച് പാഠ്യപദ്ധതിയുമായി ബന്ധിപ്പിക്കുക എന്ന ഉദ്ധേശ ലക്ഷ്യത്തോടെ ആരംഭിച്ചതാണ് ലിറ്റിൽ കൈറ്റ്സ് . കുട്ടികൾ പരിശീലിച്ച സോഫ്റ്റ് വെയറുകൾ പ്രയോജനപ്പെടുത്തി അധ്യാപകരുടെ പിന്തുണയോടെ സ്കൂൾ പ്രവർത്തനങ്ങളും സർഗ്ഗാത്മകരചനകളും ഉൾപ്പെടുത്തിതയ്യാറാക്കിയതും ഈ ഡിജിറ്റൽ മാഗസിനിലൂടെയാണ്.മാറുന്ന ലോകത്തിൽ പുതിയ ചുവടുവയ്ക്കാനും ആധുനികസാങ്കേതികവിദ്യ ഒരു കൈമുതലായി നിങ്ങൾക്ക് എന്നും കൂട്ടായിരിക്കട്ടെ.

ഹെഡ്മാസ്റ്റർ

ശ്രീ. പ്രദീപ് നാരോത്ത്



# എഡിറ്റോറിയൽ

നവീന സാങ്കേതികവിദ്യയുടെ അനന്ത സാധ്യതകളെ പ്രയോഗികവും ക്രിയാത്മകവുമായ ഒരു തലത്തിൽ എത്തിക്കാനുള്ള ശ്രമമാണ് ഡിജിറ്റൽ മാഗസിന്റെ നിർമ്മാണത്തിലൂടെ ലക്ഷ്യം വയ്ക്കുന്നത്. വിദ്യാർത്ഥികളുടെ സർഗവാസനകളെ ഡിജിറ്റൽ രൂപത്തിലാവിഷ്കൃതമാകുന്ന ഈ വേളയിൽ ഇതിന്റെ അണിയറയിൽ പ്രവർത്തിച്ച എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും മാർഗ്ഗനിർദ്ദേശം നൽകിയ അധ്യാപകർക്കും ഈ വിദ്യാലയത്തിന്റെ പേരിൽ ആശംസകൾ അർപ്പിക്കുന്നു.

ലിറ്റിൽ കൈറ്റ് അധ്യാപിക: ലിന്റ ദേവസി

# എഡിറ്റോറിയൽ ബോർഡ്

ദീപക് കൃഷ്ണ പി യു
അഖിലേഷ് ബാബു
അനന്ദകിരൺ
അമൽ ക്രിഷ്ണ പി യു
സൂര്യ ശ്രീകുമാർ
നയൻ സി എസ്
സയ്ദ്ദ സി
അരുൺ വി യു
അഭിഷേക് പി എസ്
ജയദേവ് പി ആർ
ഗോപിക ഗോപി
ആദിത്യ കെ ജെ
മഞ്ജൂമോൾ ടി യു
ശില പൃതീപ്
ലെന ജെയിംസ്
മീര

# താളുകൾ മറിക്കുമ്പോൾ......



. സ്ഥലനാമചരിത്രം
. ഇന്ത്യൻ റിപബ്ളിക്കിന് 70
. വസുന്ധര
. കോബിബ്ര്യയാർ വിട
.2 states
. പക്ഷിയും ചിതലും
. മറക്കാതിരിക്കാം പരിസ്ഥിതിയെ
. അമ്മ
. നമ്മുടെ കേരളം
. ജീവിത വിജയം
. പ്രളയ ദുരന്തം
. അനുസരണക്കേട് ആപത്ത്
. ഓർക്കുക
. കൗമാരം വിവേകത്തോടെ
. ആധാരം
. കഴിവുകളെ ഉറക്കാം
. സാക്ഷരത
. ഒരു നിമിഷം

# കൊങ്ങോർപ്പിള്ളിയുടെ ചരിത്രം

## കൊങ്ങോർപ്പിള്ളി എന്ന സ്ഥലവും ഈ നാട്ടിലെ ആദ്യത്തെ അക്ഷരക്കളരിയും



കൊങ്ങോർപ്പിള്ളി തീർത്തും ഒരു കാർഷികഗ്രാമമായിരുന്നു.തെങ്ങും,കവുങ്ങും, പ്ലാവും,മാവും, ജാതിയും സമൃദ്ധമായി വളർന്നിരുന്ന ഒരു പ്രദേശം.അക്കൂട്ടത്തിൽ പ്രകൃതിയെ സ്വർണ്ണവർണ്ണം അണിയിച്ചൊരുക്കുന്ന "കൊങ്ങും"ധാരാളം ഉണ്ടായിരുന്നു.കൊങ്ങ് എന്ന പദത്തിന്റെ അർത്ഥം "കൊങ്ങ് മരം" (കണിക്കൊന്ന) എന്നാണ്.ഹൈന്ദവഭവനപരിസരത്തും മറ്റു സ്ഥലങ്ങളിലും കൊന്നമരം ധാരാളം സംരക്ഷിക്കപ്പെട്ടിരുന്നു.അസാധാരണവലിപ്പവും ഈ വൃക്ഷങ്ങൾക്കുണ്ടായിരുന്നു.ഏപ്രിൽ,മെയ് മാസങ്ങളിൽ സ്വർണ്ണവർണ്ണമുള്ള കൊന്നപ്പൂക്കൾ വിടർന്നുലുങ്ങികിടക്കുന്നത് അതിമനോഹരകാഴ്ചയായിരുന്നു.വിഷുപ്പുലരികണികണ്ട് ഉണരുന്നത് ഈ ദൃശ്യവിരുന്നിനോടൊപ്പമായിരുന്നു.കൊങ്ങ് + ഊർ + പള്ളി എന്നീ വാക്കുകൾ ചേർന്നാണ് "കൊങ്ങരപ്പള്ളി"എന്ന പേരുണ്ടായത്.ഊര് എന്ന വാക്കിനർത്ഥം ഗ്രാമമെന്നും പള്ളി എന്ന വാക്കിനർത്ഥം

പ്രദേശം എന്നുമാണ്.പള്ളി  എന്ന വാക്ക് ഉച്ചരിച്ചുവന്നപ്പോൾ പിന്നീട് പിള്ളി എന്നായി.ധാരാളം കൊന്ന മരങ്ങളുള്ള ഗ്രാമപ്രദേശം എന്നാണ് കൊങ്ങോർപ്പിള്ളി എന്ന പേരിനർത്ഥം.1834 ലെ രേഖകളിൽ "കൊങ്ങരപ്പിള്ളിക്കര"എന്നാണ് കാണുവാൻ കഴിയുന്നത്.ഈ സ്ഥലനാമം പതിനേഴാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ ഉപയോഗിച്ചിരുന്നു.ഇന്ന് ഉച്ചാരണവ്യത്യാസം സംഭവിച്ച് കൊങ്ങോർപ്പിള്ളി  എന്നായി.1995 ന് മുമ്പ് വരെ പോസ്റ്റോഫിസിന്റെ സീലിലും കൊങ്ങോർപ്പിള്ളി എന്നാണ് ഉണ്ടായിരുന്നത്.

- ഗോപിക ഗോപി

# ഇന്ത്യൻ റിപ്പബ്ലിക്കിന് 70




പൂക്കൾ വിതറിയ രാജപാതകളിലൂടെയല്ല, മുള്ളുകൾ നിറഞ്ഞ ഇരുണ്ട ഒറ്റയടിപ്പാതകളിലൂടെയുമാണ് സ്വതന്ത്രഭാരതം ചുവടുവെച്ചത്. കുന്നുകളും കുഴികളും താണ്ടി നീണ്ട സംവത്സരങ്ങൾ കൊണ്ട് പുരോഗതിയുടെ തിളങ്ങുന്ന ദേശീയപാതകൾ സൃഷ്ടിക്കാൻ നമ്മുടെ മാതൃഭൂമിക്ക് വലിയൊരളവോളം കഴിഞ്ഞു. പതിറ്റാണ്ടുകൾനീണ്ട സഹനസമരത്തിലൂടെ, പറഞ്ഞുതീർക്കാനാവാത്ത ത്യാഗങ്ങളിലൂടെ ബ്രിട്ടീഷ് കൊളോണിയൻ ആധപത്യത്തിൽനിന്ന് സ്വാതന്ത്രം കൈവരിതച്ചതോടെ പുതിയ സമരങ്ങളിലേക്ക് പ്രവേശിക്കേണ്ടിവന്നതാണ് ഇന്ത്യയുടെ അനുഭവം. കണ്ണീരും ചോരയും വിഭജനകാലത്തെയും അതിജീവിച്ചാണ്ജനാധിപത്യ മതനിരപേഷ റിപ്പബ്ലക്കായി നമ്മൾ മാറിയത്. ഒരു തോർത്തുമുണ്ടുമാത്രം ധരിച്ച് രാജ്യത്തെ നിസ്വകോടികൾക്കുവേണ്ടി ആസേതു ഹിമാചലം പോർനയിച്ച രാഷ്ട്രപിതാവായ ബാപ്പുവിന്റെ ജീവൻ മതഭ്രാന്തരാൽ കവർന്നെടുക്കപ്പെട്ടത് സ്വാതന്ത്ര്യത്തിന്റെ വെളിച്ചംവന്ന് ആറുമാസം പോലുമാകുന്നതിന് മുമ്പാണ്.

" കുഴിവെട്ടി മൂടുക വേദനകൾ, കുതികൊൾക ശക്തിയിലേക്ക് നമ്മൾ " എന്ന കവിവാക്യംപോലെയായിരുന്നു ആദ്യ പ്രധാനമന്ത്രിയായ ജവാഹർലാലടക്കമുള്ള രാഷ്ട്രനേതാക്കൾ രാജ്യത്തിന്റെ മുന്നോട്ടുള്ള കുതിപ്പിന് ആഹ്വാനംചെയ്യുത്. സാംസ്കാരികവും ഭാഷാപരവും

മതപരവുമൊക്കെയായ വൈവിധ്യങ്ങൾ, അതിനെയെല്ലാം ഏകോപിപ്പിക്കുന്ന ദേശീയത- നാനാത്വത്തിൽ ഏകത്വം എന്ന മന്ത്രം സഹവർത്തിത്വത്തിന്റെയും പുരോഗതിയുടെയും അടിസ്ഥാനമായി ഉയർത്തിക്കാണിക്കപ്പെട്ടു. എന്നാൽ, അതിനെയെല്ലാം അട്ടിമറിക്കുന്ന സങ്കുചിത-വിഘടന വാദങ്ങൾ വലിയ പതനത്തിലേക്ക് നമ്മുടെ ജനതയെ തള്ളിയിടാൻ പലപ്പോഴായി ശ്രമിച്ചു. ആധുനികലോകത്തിന്റെ വെളിച്ചവും സഹിഷ്ണുതയും ഉൾക്കൊള്ളാനാവാത്ത വിധം ഇടുങ്ങിയ മനസ്സുള്ളവരുടെ തേർവാഴ്ചകൾ ചിലപ്പോഴെങ്കിലും നമ്മെ തളർത്തി. ദീർഘകാലം പ്രധാനമന്ത്രിയായി ഇന്ത്യയുടെ ശബ്ദം ലോകത്ത് ഉച്ചത്തിൽ കേൾപ്പിച്ച, രാജ്യപുരോഗതിയിൽ വലിയ നേതൃശക്തിയായി വർത്തിച്ച ഇന്ദിരാഗാന്ധി, രാജ്യത്തെ ശാസ്ത്രസാങ്കേതികമേഖലയിൽ വൻ ശക്തിയാക്കാൻ നേതൃത്വംനൽകിയ, ജനാധിപത്യത്തിൽ  യുവതയുടെ പങ്കാളിത്തം വർധിപ്പിക്കാനും അധികാരവികേന്ദ്രീകരണത്തിനും നിയമങ്ങൾ കൊണ്ടുവന്ന രാജീവ് ഗാന്ധി - ഏഴുവർഷത്തിനിടയിൽ ഈ രണ്ടുപേരുടെയും ജീവൻ ഭീകരവാദികൾ കവർന്നെടുത്തു. ബാബറി മസ്ജിദ് തകർക്കപ്പെടുകയും രാജ്യത്താകെ കലാപങ്ങൾക്കിടയാക്കുകയുംചെയ്ത സംഭവങ്ങൾ, മതത്തിന്റെയും ജാതിയുടെയും മറ്റ് സ്വത്വങ്ങളുടെയും പേരിലുള്ള സംഘർഷങ്ങളുടെ ആവർത്തനങ്ങൾ. എന്നിട്ടും നമ്മൾ മുന്നോട്ടുപോയി. പരിഷ്കൃതലോകത്ത് അന്യമാകേണ്ട ജാതിവെറികളും മതസങ്കുചിതത്വങ്ങളും ഉച്ചാടനം ചെയ്യുന്നതിൽ ഏഴുപതിറ്റാണ്ടുകഴിഞ്ഞിട്ടും മുന്നോട്ടുപോകാൻ സാധിച്ചോ എന്ന പരിശോധന ആവശ്യമാണ്. റിപ്പബ്ലിക്കാവുന്ന ഘട്ടത്തിൽ പട്ടിണിയും പട്ടിണിമരണവും നിരക്ഷരതയും പകർച്ചവ്യാധിയും

തലചായ്ക്കാനിടമില്ലായ്മയും ഉടുക്കാനില്ലായ്മയുമായിരുന്നു ഭൂരിപക്ഷത്തിന്റെയും അവസ്ഥ. ഭക്ഷ്യസുരക്ഷ കൈവരിക്കാൻ കഴിഞ്ഞെന്നുമാത്രമല്ല, ഭക്ഷ്യാവകാശനിയമത്തിലൂടെ എല്ലാവർക്കും ഭക്ഷണവും തൊഴിലുറപ്പിലൂടെ ചെറിയൊരളവെങ്കിലും ദാരിദ്ര്യനിർമാർജനവും യാഥാർഥ്യമായി. വിദ്യാഭ്യാസാവകാശത്തിലൂടെ സൗജന്യ സ്കൂൾ വിദ്യാഭ്യാസം, വിവരാവകാശത്തിലൂടെ ഭരണരംഗത്തെ സുതാര്യത -ഇങ്ങനെ ക്ഷേമരാഷ്ട്രത്തിന്റെ പടവുകൾ ഒന്നൊന്നായി കയറുന്നു. സ്വാതന്ത്ര്യം ജനാധിപത്യം, സമത്വം, മതസൗഹാർദം, ബഹുസ്വരത എന്നീ അടിസ്ഥാനശിലകളിലാണ്. ഇന്ത്യൻ റിപ്പബ്ലിക്കിനെ എഴുപതുവർഷമായി കെട്ടിപ്പടുക്കുന്നത്. ബാബാ സാഹേബ് അംബേദ്കറും സംഘവും വിഭാവനംചെയ്ത സുശക്തമായ ഭരണഘടനയാണ് എല്ലാ വൈരുധ്യങ്ങളും വൈവിധ്യങ്ങളും നിറഞ്ഞ നമ്മുടെ രാജ്യത്തെ നേർപാതയിലൂടെ കുതിക്കാൻ പ്രേരിപ്പിക്കുന്നത്. ആ കുതിപ്പ്, പുരോഗതി അവിരാമം തുടരുമെന്ന് ഈ ദിനത്തിൽ പ്രതീക്ഷിക്കാം. മഹാകവി വള്ളത്തോൾ സ്വാതന്ത്ര്യസമരകാലത്ത് പാടിയത് ആവർത്തിക്കാം

‘പോരാ പോരാ നാളിൽ നാളിൽ ദൂരദൂരമുയരട്ടെ
ഭാരതക്ഷ്മാദേവിയുടെ തൃപ്പതാകകൾ...’

സബിത  പി എ

# വസുന്ധര



ഇന്നീ തായ് വേരുകൾ മണ്ണിൽ
തേടുന്നോരുറവക്കണ്ണുകളെവിടെ
ഊറ്റിയെടുത്തോരവസാന തുള്ളിയും
കൊടിയ വേനലാൽ പോയ്മറഞ്ഞു
വറ്റി വരണ്ടു കീറിയ നിൻ മുഖം
കണ്ടു ഞാൻ ഞെട്ടിത്തരിച്ചുപോയ്
വസുന്ധരേ....
കഠിനമാമീ ഭാവപ്പകർച്ച തൻ
കാരണക്കാരാം മർത്ത്യകുലമേ
സ്വാർത്ഥത തീണ്ടും നിൻ
അധമക്കയ്യുകളെ വെട്ടിയരിയുക
അവ പോയി ഹരിതാഭമാക്കട്ടെ
വസുന്ധരയെ....
പ്രളയം തന്നൊരതിജീവനത്തിൻ
പാഠം മറന്ന നിസ്വാർത്ഥചിന്ത
വെടിഞ്ഞു മർത്ത്യാ നിൻ
ചെയ്തികൾ ലാഭക്കൊതിയേറവേ
അറിയുക നീ നിന്നമ്മയാം
വസുന്ധരയെ....
വരൂ ഇനി ഒരു വേളയെങ്കിലും
വരും തമുറയ്ക്കായ് നടാംനന്മമരങ്ങൾ
ആമരച്ചോട്ടിലിരുന്ന അറിയുക
വസുധൈവകുടുംബത്തിൻ ശീലുകൾ
കൈകോർക്കാം നമ്മെയമൃളൂട്ടും
വസുന്ധരയക്കായ്......

വിയ വർഗീസ്



# " കോബി ബ്രയാൻ, വിട "

ലോസ് ആഞ്ജലിസിലെ കലബാസസ് മലനിരകളിൽ പൊട്ടിവീണ ഒരുതുള്ളി കണ്ണുനീരിന് കോബി എന്ന് പേര്. അമേരിക്കൻ ബാസ്കറ്റ്ബോൾ ഇതിഹാസം കോബി ബ്രയന്റും മകൾ ജിയാനയും ഹെലികോപ്റ്റർ തകർന്നു മരിച്ച വാർത്ത കായികലോകത്തിന് ഹൃദയഭേദകമായി. ഉയരെപ്പറക്കുകയായിരുന്ന അച്ഛനെയും മകളെയുമാണ് രംഗബോധമില്ലാതെവന്ന് മരണം വീഴ്ത്തിയത്, ഒപ്പം കോപ്റ്ററിലുണ്ടായിരുന്ന മറ്റ് ഏഴുപേരെയും.യുദ്ധങ്ങളും ദുരന്തങ്ങളും ഉത്സവങ്ങളും നിറഞ്ഞതാണ് കായികരംഗം. എന്നാൽ, വിധി കളത്തിനുപുറത്ത് കളിക്കുമ്പോൾ മനുഷ്യർ നിസ്സഹായരാകുന്നു.

തന്റെ മകളുടെ ടീമിനെ പരിശീലിപ്പിക്കാൻ അക്കാദമിയിലേക്കുള്ള യാത്രയിലായിരുന്നു കോബി. പരിശീലനത്തിന് ഹെലികോപ്റ്ററിൽ പോവുക എന്നത് നമുക്ക് പരിചിതമായ കാര്യമല്ല.കോബിയുടെ സാമ്രാജ്യം അത്ര വലുതായിരുന്നു. കോടാനുകോടികൾ മാറിമറിയുന്ന എൻ.ബി.എ. ചാമ്പ്യൻഷിപ്പിൽ രണ്ടു പതിറ്റാണ്ട് അടക്കിവാണ കോബി, വലിയൊരു ബിസിനസ്സാമ്രാജ്യത്തിന്റെയും അധിപനായിരുന്നു. കളിയിൽനിന്നും പരസ്യത്തിൽനിന്നും മാത്രം അദ്ദേഹത്തിന് ലഭിച്ച വരുമാനം 5500 കോടിയോളം രൂപയാണ്. മൊത്തം ആസ്തി അതിന്റെ എത്രയോ ഇരട്ടിവരും.

ഒരിക്കൽ കോബി പറഞ്ഞു:‘‘മടിയൻമാരായ ആളുകളുമായി എനിക്കൊരു ബന്ധവുമില്ല. ഞങ്ങൾ ഒരേ ഭാഷയിൽ സംസാരിക്കില്ല. എനിക്ക് അവരെ മനസ്സിലാവുന്നില്ല. മനസ്സിലാക്കേണ്ട കാര്യവുമില്ല’’. കഠിനാധ്വാനിയായിരുന്നു കോബി. മൂന്നാം വയസ്സിലാണ് അദ്ദേഹം ബാസ്കറ്റ്ബോൾ കളിച്ചുതുടങ്ങിയത്. അന്നുതൊട്ട്, മരണംവരെയും തന്റെ പ്രൊഫഷനുവേണ്ടി അദ്ദേഹം ആത്മാർഥമായി പ്രവർത്തിച്ചു. വിജയത്തിനുവേണ്ടി കഠിനമായി ദാഹിച്ചു. ഓരോ

*പോയന്റിനുമായി അത്രയും വിയർപ്പൊഴുക്കി. ലോകമെങ്ങുമുള്ള വിദ്യാർത്ഥികൾക്ക് അങ്ങ് മഹത്തായ ഒരു മാതൃകയാണ്.*

*JAYADEV P.R*

# 2 STATES

2 States is a book written by Chethan Bhagat. He is an English Indian writer whose writing has a magic to influence an inspire everyone. He also writes columns in news paper based on youth's progress .He is the author of books namely Half Girlfriend ,Five Point Someone,Revolution 2020,Three Mistakes of my Life,etc. This books have been made into bollywood films.

2 states is the story of Krish and Ananya. It is not mainly a love story, but it is the story of their hardship, effort and a lot more to get themselves married. This story shows the inequality between the states of India.

Krish, a Punjabi boy and Ananya ,a sweet Tamil brahmin girl fall for each other in IIM-A in their minds they thought that their parents would love each other as them on the meeting on convocation day. But the things went out worsely . Ananya didn't 16 want to elope with Krish, as from childhood she has a wish of seeing her. Parents smiling on her marriage day. On this day onwards,they started the hardship of getting married and at last they got married.

Several times life has knock them out but they came back because "life will knock us down, but it is we to decide whether or not to come back." Never stop down in your failures because

failing is stepping stone to success. So everyone please don't stop trying.

2 States is a wonderful book and everyone should surely read it. At least the people who loves reading. And also refer this book to your friends because its surely going to inspire you as it as inspired me.

NAYAN C S

# പക്ഷിയും ചിതലും

ഒരിടത്ത് ഒരു സുന്ദരനായ ഒരു പക്ഷിയുണ്ടായിരുന്നു. പക്ഷേ അവൻ ആരേയും അനുസരിക്കുകയില്ലായിരുന്നു.അവൻ മറ്റു പക്ഷികളെപ്പോലെ തീറ്റതേടി ദൂരത്തേക്ക് പോകില്ലായിരുന്നു.
അവന് മണ്ണിലെ ചെറുപ്രാണികളെയും ചിതലുകളുമാണ് ഇഷ്ടം.
ഒരു ദിവസം അവൻ മരക്കൊമ്പിൽ ഇരിക്കുംമ്പോൾ അതു വഴി ഒരു കാളവണ്ടിക്കാരൻ ചിതലുകളുടെ കുറേ ചാക്കുകളുമായി പോകുന്നതു കണ്ടു.ഇത് കണ്ട അവൻനോടു ചോദി ആ കാളവണ്ടിക്കാര ആ കാളവണ്ടിക്കാരൻ ഓരോ ചിതലുകൾ നൽകുമ്പോഴും തൻെ ചിറകുകൾ അവൻ അയാൾക്ക് നൽകി യാതൊരു മടിയും കൂടാതെ.അവൻെ ഈ പ്രവർത്തി അച്ഛൻ പറഞ്ഞു മോനെ ചിതലുകൾ സ്വാഭാവിക ഭക്ഷണമല്ല.പിന്നെ നീ ഈ ചെയ്യുന്നത് നിൻെ ജീവന് തന്നെ അപകടത്തിലാക്കും ഇത്രയും പറഞ് പോയി.അവന് അച്ഛൻെ ആ വാക്കുകൾ തീരെ ഇഷ്ടപ്പെട്ടില്ല.അവന് ദേഷ്യം വന്നു കുറച് നാളുകൾ കഴിഞ്ഞപ്പോൾ ആ കാളവണ്ടിക്കാരൻ അങ്ങോട്ട് വരാതെയായി.അപ്പോഴേക്കും അവൻെ തൂവലുകൾ ഭൂരിഭാഗവും അവന് നഷ്ടപ്പെട്ടു.കാളവണ്ടിക്കാരനെ നോക്കിനിന്നിട്ട് കാര്യമില്ല.

പാർവ്വതി

# മറക്കാതിരിക്കാം പരിസ്ഥിതിയെ



ജ്യൂൺ-5 നമ്മൾ പരിസ്ഥിതി ദിനമായി ആചരിക്കാറുണ്ട്.പരിസ്ഥിതിദിന മുദ്രാവാക്യങ്ങളും ഏറ്റുപറയാറുണ്ട്.മരങ്ങൾ നടുന്നുണ്ട്എന്നിട്ടും പ്രകൃതി  ചൂഷണ വിധേയമായികൊണ്ടിരിക്കുന്നു.മനുഷ്യന് പ്രകൃതിയോടുള്ള മനോഭാവമാണ് വെളിവാക്കുന്നത്.പ്രകൃതിയെ എങ്ങനെയൊക്കെ നശിപ്പിക്കാമോ അങ്ങനെയെല്ലാം നശിപ്പിക്കും.

ഇന്നത്തെ പരിസ്ഥിതി  ഒരുപാട് വെല്ലുവിളികൾ  നേരിടുന്നുണ്ട്.അതിനുത്തരമായി  മനുഷ്യന് തിരിച്ചുകൊടുത്തതിനുദാഹരണമാണ് കേരളത്തിൽ ഈയിടെയുണ്ടായ പ്രളയം.പ്രളയം എന്തോരം പേർക്കാണ് അവരുടെ കിടപ്പാടം നഷ്ടപ്പെട്ടത്.മുന്നോറോളം പേർ മരിച്ചു.ഒരു രാത്രി കൊണ്ടാണ് ഇത് സംഭവിച്ചതെന്ന് ഓർക്കണം.ഇതിനിടയിൽ  നിരപരാധികളായ ചില വ്യക്തിത്വങ്ങളുണ്ട്.മണൽ  ഖനനം നടത്തിയും കായലിൽ  നിന്ന് മണൽ  വാരിയും മണ്ണുമാന്തിയന്ത്രം  ഉപയോഗിച്ച്  കുന്നിടിച്ച് നിരത്തുന്നതും ,മരങ്ങൾവെട്ടി  നശിപ്പിക്കുന്നതും ആയ എണ്ണമറ്റ പ്രവർത്തികളാണ് മനുഷ്യൻ പ്രകൃതിയോട് ചെയ്യുന്നത്.ഇതിലെല്ലാം  മനുഷ്യന്റെ  സ്വാർത്ഥതയാണ് വെളിവാകുന്നത്.ഭൂമി തന്റേതുമാത്രമാണെന്നുള്ള മനോഭാവം

മനുഷ്യനെ കുഴിയിൽ ചാടിക്കുകയാണ്
ചെയ്യുന്നത്.ബോധമില്ലാതെ ഓരോന്ന് ചെയ്ത് സ്വന്തം കുഴി
നിർമിക്കുന്നു. ഇങ്ങനെ ചെയ്യുന്നവർ ഒന്നോർക്കുക ,
ഇതിൽ നിരപരാധികളും ,പ്രകൃതി സ്നേഹികളും ,കൂടാതെ
ഒട്ടനവധി  ജീവികളും പ്രകൃതിയിലുണ്ട്.അവരുടെ വാസസ്ഥലം
കൂടിയാണ് നഷ്ടപ്പെടുന്നത്. പിന്നീട് പറയുകയാണെങ്കിൽ
ഇന്നത്തെ പ്രകൃതി  നേരിടുന്ന വലിയൊരു പ്രശ്നമാണ് വരൾച്ച .
അത് അധികമായി  ബാധിച്ച ഒരു സംസ്ഥാനമാണ്
കേരളം.പ്രളയത്തിനുശേഷം കടുത്ത വരൾച്ചയാണ് ഇന്നത്തെ
സമൂഹം നേരിടുന്നത്. ഇതിലൂടെ നമ്മൾ മനസ്സിലാക്കണം
പ്രകൃതിക്ക് സഹിക്കാനാകുന്നതിനപ്പുറമാണ് നമ്മൾ അതിനെ
വേദനിപ്പിച്ചുകൊണ്ടിരിക്കുന്നത്.പിന്നീട് ഒരു ആശ്വാസം എന്നു
പറയുന്നത് ഓസോൺ പാളിയിലെ വിള്ളലുകളുടെ അളവ്
കുറയുന്നു എന്നതാണ്.



ട്രീസ മെറിൻ സി. എൻ.

# അമ്മ



പത്തു മാസം വയറ്റിലും
പിന്നെ തോളിലും
മരണം വരെ മനസ്സിലും
എന്നെ ചുമന്നു കൊണ്ടു
നടന്ന
ശബളമില്ലാത്ത
ചുമട്ടുകാരി
സ്നേഹം കൊണ്ട് കുളിപ്പിച്ച്
പുഞ്ചിരി കൊണ്ട് കണ്ണെഴുതി
രക്തം പാലായും
മധുരം ഉമ്മയായും തന്നവൾ
കൈ പിടിച്ചൂഞ്ഞാലാടാൻ
ഒരു വിരൽത്തുമ്പ്.....
വായിലാദ്യം വാക്കായതും
നാവിലാദ്യം ഉരുവായതും
വേദനയിൽ നിലവിളിയായതും
അമ്മ
ഒഴുക്കു നിലച്ച പുഴയിൽ

അടിഞ്ഞുകൂടിയ
ചുക്കിച്ചുളിഞ്ഞ രൂപം
കട്ടുറുമ്പുകൾക്കിടയിൽ കുനിക്കൂടിയിരുന്ന്
അടുക്കളപ്പുകയിലെ തീയൂതിയൂതി
കരിപിടിച്ച പാത്രം....
ഇപ്പോൾ വിളിക്കാൻ നാവെടുക്കാത്തതും
ഒപ്പം നടക്കുമ്പോൾ കാഴ്ചയിൽ
ഭംഗിയില്ലാത്തതുമായ
വിരൽത്തുമ്പ്
ഞാനിന്നെവിടെയോ
മറന്നുവച്ച വാക്ക്

# കേരളം




നമ്മുടെ കൊച്ച്കേരളം 1956
നവംബർ 1ന് രുപ്പെട്ട ആദ്യം
രുപപ്പെട്ട ജില്ല തിരുവനന്തപുരവും
അവസാനം രുപപ്പെട്ട ജില്ല
കാസർഗോസുമാണ്
കേരളത്തിലെ 14 ജില്ലകളും
44 നദികളും 34 കായലുകളും ഉണ്ട്.
നദികൾ 41 എണ്ണവും
കിഴക്കോട്ടൊഴുകുന്ന നദികൾ 3
എണ്ണവുമാണ്

അരുൺ വി യു



# ജീവിത വിജയം

ഉളിയുടെ വേദനയറിഞ്ഞ കല്ലേ,
നല്ലൊരു ശിലയായി മാറീട്ടുള്ളൂ...

തീയുടെ വേദനയറിഞ്ഞ പൊന്നേ,
ആഭരണമായി മാറീട്ടുള്ളൂ..

മണ്ണിൽ കിടന്നു മരിച്ച വിത്തേ,
വലിയൊരു മരമായി മാറീട്ടുള്ളൂ...

തീച്ചൂളയിൽ വെന്ത മണ്ണേ,
കളിമൺ പാത്രമായി മാറീട്ടുള്ളൂ...

കൊല്ലന്റെ ശിക്ഷയേറ്റ ഇരുമ്പേ,
നല്ല ആയുധമായി മാറീട്ടുള്ളൂ...

ഉരലിൽ കിടന്നു നൊന്ത നെല്ലേ,
ഒരു നല്ല അരിമണിയായിട്ടുള്ളൂ...

മണ്ണിൽ കിടന്നു മരിച്ച വിത്തേ,
വലിയൊരു മരമായി മാറിട്ടുള്ളൂ...

തീച്ചൂളയിൽ വെന്ത മണ്ണേ,
കളിമൺ പാത്രമായി മാറിട്ടുള്ളൂ...

കൊല്ലന്റെ ശിക്ഷയേറ്റ ഇരുമ്പേ,
നല്ല ആയുധമായി മാറീട്ടുള്ളൂ...

ഉരലിൽ കിടന്നു നൊന്ത നെല്ലേ,
ഒരു നല്ല അരിമണിയായിട്ടുള്ളൂ...

പ്രതിസന്ധികൾ തരണം ചെയ്ത മർത്യൻ
നിശ്ചയം ഉയരത്തിലെത്തുമെന്നും

അഖിലേഷ് ബാബു

# പ്രളയദുരന്തം



രാവും പകലും തീരാതെ
നിൽക്കുന്നു മഴ
തീരാദുഃഖത്തിലാക്കുന്നു മഴ
വീടുകൾ പൊട്ടിപ്പൊളിയുന്നു
വൃക്ഷങ്ങൾ മറിയുന്നു
മണ്ണും പ്രക്ഷുബ്ധമാകുന്നു
ജീവജാലങ്ങൾ കരയുന്നു
എത്ര എത്ര ജീവനുകൾ ഒടുക്കി
ഈ പ്രളയം
ഓരോ ജീവനും പിടയുന്നൊരീ പ്രളയം
ഉടുക്കാൻ തുണിയില്ല
കഴിക്കാൻ ഒരു പിടി ചോറില്ല
ഒരു തുള്ളി ശുദ്ധജലം പോലുമില്ല
ഭക്ഷണം വലിച്ചെറിഞ്ഞ കാലമോർത്ത്
കരയേണ്ടു നാം

മീര

# അനുസരണക്കേട് ആപത്ത്

ഒരിടത്ത് ഒരിടത്തൊരിടത്തൊരിടത്ത് ഒരു മൈന ഉണ്ടായിരുന്നു. ചിഞ്ചു എന്നായിരുന്നു അവളുടെ പേര്. അവളുടെ അമ്മ എന്നും അവളെ ശകാരിക്കുമായിരുന്നു. കാരണം അവൾ ഒരു അഹങ്കാരിയായിരുന്നു. അവൾ വണ്ണം കുറഞ്ഞ് സുന്ദരിയായ ഒരുവളായിരുന്നു. അതിന്റെ ഒരു അഹംഭാവം അവൾക്കുണ്ടായിരുന്നു. അമ്മയുടെ ശകാരം അവൾ ഒരിക്കലും കേൾക്കുമായിരുന്നില്ല. അമ്മയുടെ വായ ശകാരത്തിനു മാത്രമേ തുറക്കുകയുള്ളൂ എന്ന് അവൾക്കറിയാമായിരുന്നു. അങ്ങനെയിരിക്കെ ഒരിക്കൽ അവൾ പുറത്തേക്ക് പോകാനിറങ്ങുമ്പോൾ അമ്മ പറഞ്ഞു. “നീ കൗമാര ലക്ഷണങ്ങൾ തികഞ്ഞ മൈനയാണ്. നിനക്ക് ഞാൻ പറയുന്നത് തികച്ചും അപ്രാപ്യമായ കാര്യമാണെന്ന് എനിക്കറിയാം. എങ്കിലും നീ ഇത് കേൾക്കണം. അപ്പുറത്തായി കുറേ ഉപദ്രവകാരികളായ ജീവികൾ താമസ്സിക്കുന്ന ഒരു വനമുണ്ട്. 'കനകവനം' എന്നാണ് അത് അറിയപ്പെടുന്നത്. നീ അങ്ങോട്ടേക്കൊന്നും പോകരുത് പിന്നെ ജീവൻ പോലും തിരിച്ചു ലഭിച്ചെന്നു വരില്ല". അമ്മയുടെ വാക്കുകൾ കേട്ടഭാവം പോലും നടിക്കാതെ അനുസരണക്കേട് പറഞ്ഞുക്കൊണ്ട് അവൾ കൂടിനു

പുറത്തിറങ്ങി. “ആ കാടിനെ കുറിച്ച് അമ്മ പറഞ്ഞത് കുറേ ഉപദ്രവകാരികളായ ജീവികളുണ്ടെന്നല്ലേ. പക്ഷെ എനിക്കു എന്ത് അപകടത്തിൽ നിന്നും പറന്നു രക്ഷപ്പെടാൻ സാധിക്കും.” അമ്മ പറഞ്ഞത് സത്യമാണോ എന്ന് നോക്കാം. അവൾ കാട്ടിലേക്ക് പുറപ്പെട്ടു. അവിടെ അവൾ നിറയെ ചുവന്നു തുടുത്ത പഴങ്ങൾ നിറഞ്ഞുനിൽക്കുന്ന ഒരു മരം കണ്ടു. അവൾ അതിലിരുന്ന് പഴങ്ങൾ രുചിച്ചു നോക്കി. “അതിമധുരമുള്ള പഴങ്ങൾ":- അവൾ പറഞ്ഞു. മരത്തിലിരിക്കുന്ന മൈനയെയും നോക്കി ഒരു കുറുക്കൻ ഇരിക്കുന്നുണ്ടായിരുന്നു. ആ കുറുക്കൻ പറഞ്ഞു "ഹായ് ഞാൻ ടിപ്പു കുറുക്കൻ " നീ എവിടെ നിന്നു വരുന്നു ഞാൻ. "അപ്പുറം കാട്ടിൽ നിന്നു വരുന്നു.”-മൈന പറഞ്ഞു . അങ്ങനെ അവർ സംഭാഷണങ്ങളിൽ ഏർപ്പെട്ടു.അവർ തമ്മിൽ തുടർച്ചയായി മൈനയുടെ കാട്ടിലേക്കുള്ള വരവിലൂടെ സ്നേഹബന്ധം സ്ഥാപിക്കപ്പെടുകയുണ്ടായി. പക്ഷെ സൂത്രശാലിയായ കുറുക്കന്റെ മനസ്സിൽ മൈനയെ ഇരയാക്കുക എന്ന ചിന്തയായിരുന്നു. അങ്ങനെ ഒരിക്കൽ കുറുക്കൻ മൈനയോട് പറഞ്ഞു . ഞാൻ നിനക്ക് ഈ പഴത്തെക്കാൾ സുന്ദരമായ മധുരമുള്ള പഴങ്ങൾ കായ്ക്കുന്ന മരങ്ങൾ കാണിച്ചു തരാം. മൈന ഈ വാക്കുകൾ കേട്ട തോട് കൂടി കുറുക്കന്റെ പുറകെ പോയി. അവൾക്ക് ഒരു സുന്ദരമായ മരം അവൻ കാണിച്ചു കൊടുത്തു. ആ പഴങ്ങൾ കണ്ട്

ആർത്തിമൂത്ത മൈന മരത്തിനടുത്തേക്ക് വേഗത്തിൽ പറന്നുച്ചെന്നു. ഒരു ശിഖരത്തിൽ ഇരുന്നു. പക്ഷെ ആ മരത്തിൽ നിറയെ കടുന്നലുകളായിരുന്നു. അവൾ അവളുടെ ദേഹമാസകലം കുത്തേറ്റ് അവശയായ മൈന താഴെ വീണു പിടഞ്ഞു പിടഞ്ഞു പിടഞ്ഞ് പറക്കാൻ പോലും പറ്റാതായ അവളെ കുറുക്കൻ ഇരയാക്കി. മരിക്കുന്നതിനു തൊട്ടു മുൻപ് തന്റെ അമ്മ പറഞ്ഞ വാക്കുകൾ അവളുടെ മനസ്സിൽ പതിഞ്ഞു.

ആദിത്യ കെ ജെ

# ഓർക്കുക, ലംഘിക്കാനുള്ളതല്ല നിയമങ്ങൾ



ഒടുവിൽ മരടിൽ സുപ്രീംകോടതി വിധി നടപ്പായി . നിയമം ലംഘിച്ച് മരടിൽ കെട്ടിയുയർത്തിയ കെട്ടിടങ്ങൾ അതേ നിയമത്തിന്റെതന്നെ ബലത്തിൽ സർക്കാർ പൊളിച്ചു. എല്ലാം നിശ്ചയിച്ചപ്രകാരം നടന്നു. കണക്കുകൂട്ടലിൽ ചെറിയ പിഴവുപോലും ഉണ്ടായില്ല. സമീപത്തെ കെട്ടിടങ്ങൾക്ക് അപകടമൊന്നും പറ്റിയില്ല. ഇക്കാരത്തിൽ എല്ലാ സുരക്ഷാമാനദണ്ഡങ്ങളും സർക്കാർ പാലിച്ച് പ്രവർത്തിച്ച സർക്കാറിന് അഭിനന്ദനമർഹിക്കുന്നു. സുരക്ഷാസന്നദ്ധരായെത്തിയ പോലീസും ഫയർഫോഴ്സും ഈ അഭിനന്ദനത്തിന് അർഹരാണ്.

സ്ഫോടനം നടത്തുമ്പോൾ എന്തുണ്ടകുമെന്ന ഭയത്തിന് അറുതി വന്നെങ്കിലും അവിടെ താമസിക്കുന്നവരുടെ ജീവിതം ഇനിയെന്താകുമെന്നുള്ള ആശങ്ക ബാക്കി നിൽക്കുന്നു.കെട്ടിടങ്ങൾ പൊളിക്കാനുള്ള വിധി വന്നപ്പോ ൾ തന്നെ അവർക്ക് പലതരത്തിലുള്ള സംശയങ്ങളുണ്ടായിരുന്നു. പൊളിക്കലിനു മുന്നോടിയായുള്ള പ്രവർത്തനങ്ങൾ നടന്നപ്പോൾ അവരുടെ വീടുകൾക്ക് വിള്ളലുണ്ടായി. അതോടെ സംശയം ബലപ്പെട്ടു. സ്ഫോടനത്തിനുശേഷം അവരുടെ മുന്നിലേക്ക് വന്നുകൂടിയത് പതിനായിരക്കണക്കിന് ടൺ കോൺക്രീറ്റ് അവശിഷ്ടങ്ങളാണ്. അവയുണ്ടാക്കുന്ന പൊടിപടലത്തിനും ആരോഗ്യപ്രശ്നങ്ങൾക്കും ഇടയിലാണ് ഇനിയവർ ജീവിക്കേണ്ടത്. സിമന്റിന്റെയും മറ്റും പൊടി ശരീരത്തിനകത്തും പുറത്തും പ്രശ്നങ്ങളുണ്ടാക്കും. തങ്ങളുടേതല്ലാത്ത കുറ്റത്തിനാണ് ഈ നാട്ടുകാർ ശിക്ഷയനുഭവിക്കുന്നത്. അവരുടെ ആശങ്കകൾ വലുതാണ്. കെട്ടിടം തകർത്തപ്പോൾ അവരുടെ വീടുകൾക്ക് കേടുപാടുണ്ടായെങ്കിൽ സൂക്ഷ്മമായ പരിശോധനയിലൂടെ അറിയാൻ സാധിക്കണം. കേടുപാട് പരിഹരിക്കണം,

ഈ അംബരചുംബികളുടെ പതനം നമ്മെ ചില കാര്യങ്ങൾ ഓർമിപ്പിക്കുന്നു. നിയമം ലംഘിക്കാനുള്ളതല്ല എന്നതാണ് അതിൽ പ്രധാനം. പരിസ്ഥിതിയും പ്രകൃതിയും അവസാനംമാത്രം പരിഗണിക്കാനുള്ളതല്ല എന്നതാണ് മറ്റൊന്ന്. എന്തുകുറ്റം ചെയ്താലും ചെറിയ പിഴയടച്ച് രക്ഷപ്പെടാമെന്ന ചിലരുടെ ധാരണ തെറ്റാണെന്നും ഇത് ഓർമപ്പെടുത്തുന്നു. നിർമാണം തുടങ്ങിയപ്പോൾത്തന്നെ ബിൽഡർമാർക്ക് മരട് പഞ്ചായത്ത് (ഇന്ന് നഗരസഭ) സ്റ്റോപ്പ് മെമ്മോ നൽകിയതാണ്.അന്ന് അതിനെതിരേ കോടതിയിൽപ്പോയി അനുകൂലവിധി സമ്പാദിച്ച് നിർമാണം പൂർത്തിയാക്കുകയായിരുന്നു. നിയമവിരുദ്ധമായി എന്തെങ്കിലും ചെയ്താൽ ഉദ്യോഗസ്ഥരെയും ഭരണാധികാരികളെയും സ്വാധീനിച്ച് അത് നിയമവിധേയമാക്കാമെന്ന ചിന്താഗതി പലർക്കുമുണ്ട്.ഇക്കാര്യത്തിൽ ചൂണ്ടിക്കാണിക്കാൻ ഉദാഹരണങ്ങൾ ഒട്ടേറെയാണ്. ഇവിടെയും അതാണുണ്ടായത്.

രണ്ടുപ്രളയങ്ങൾ തുടർച്ചയായി ഉണ്ടായിട്ടും, പ്രകൃതിയെ തോന്നുംപോലെ ചൂഷണംചെയ്തതാണ് അതിന്റെ പ്രധാനകാരണമെന്ന് തിരിച്ചറിഞ്ഞിട്ടും പ്രകൃതിസംരക്ഷണ യത്നങ്ങളിൽ നാം പിന്നിലാണ്. മറ്റെല്ലാം പരിഗണിച്ചശേഷം മതി, പ്രകൃതിയും പരിസ്ഥിതിയും എന്നാണ് നമ്മുടെ നിലപാട്..നീർത്തടങ്ങളും തീരദേശവും സംരക്ഷിക്കാൻ നിയമങ്ങളില്ലാഞ്ഞിട്ടല്ല, മറിച്ച് അവ നടപ്പാക്കാൻ സർക്കാർ തയ്യാറാകാത്തതാണ് പ്രശ്നം. അപ്പോഴാണ് കോടതികൾക്ക് ഇടപെടേണ്ണ്ടിവരുന്നത്. പരിസ്ഥിതിമാത്രമല്ല, തീരദേശത്ത് താമസിക്കുന്നവരുടെ ജീവിതവും പ്രധാനമാണ്. ഇവയുടെ സംരക്ഷണത്തിനാണ് തീരദേശപരിപാലന നിയമമുണ്ടാക്കിയത്. അത് ലംഘി.ക്കുന്നവർ വരുംതലമുറകളെക്കൂടി ഇരുട്ടിലാക്കുകയാണ്. നിയമലംഘകർക്ക് മരട് ശക്തമായ താക്കീതാണ്; അവർക്ക് കൂട്ടുനിൽക്കുന്ന ഉദ്യോഗസ്ഥർക്കും.തീരദേശപരിപാലനവുമായി ബന്ധപ്പെട്ട നിയമങ്ങൾ വിട്ടുവീഴ്ചയില്ലാതെ നടപ്പാക്കാൻ സർക്കാർ ഇതൊരു സാധ്യതയായി എടുക്കണം. ഒപ്പം മരടിൽ ദുരിതമനുഭവിക്കുന്ന നാട്ടുകാരെ നാട്ടുകാരെ സഹായിക്കാൻ തയ്യാറാവുകയും വേണം.

# കൗമാരം: വിവേകത്തോടെ



13 മുതൽ 19 വയസ്സുവരെയാണ് ടീനേജ് അഥവാ കൗമാരം എന്നാണ് ശാസ്ത്രം പറയുന്നത്.പഠനതത്വമനുസരിച്ച് 10-13 വയസ്സുവരെ പ്രാരംഭകൗമാരഘട്ടവും ,14-16 വരെ മധ്യകൗമാര ഘട്ടവും,17-20 വരെ കൗമാരദശാന്ത്യവും ആണ്.കൗമാരത്തെ അ ഡോള സെൻസ് എന്നാണ് പറയുക.സമഗ്രമായ പക്വതയിലേക്കുള്ള വളർച്ചയുടെ പ്രയാണഘട്ടം എന്നും ഈ സമയത്തെ വിശേഷിപ്പിക്കാം.കൗമാരകാലഘട്ടം ഏറ്റവും പ്രധാനപ്പെട്ടതും അതുപോലെത്തന്നെ പ്രശ്നസകീർണവുമാണ്.

## ഐഡന്റിറ്റി പ്രശ്നങ്ങൾ കൗമാരത്തിന്റെ മാത്രം പ്രത്യേകത

കൗമാരകാലഘട്ടത്തിൽ കുറെയേറെ പ്രശ്നങ്ങൾ നമ്മെ വേട്ടയാടാറുണ്ട്.അതിലൊന്നാമത്തെ പ്രശ്നം,നമ്മുടെ ഐഡന്റിറ്റി ആണ്. താൻ ആരാണെന്നും തന്നെ സമൂഹം എങ്ങിനെ നോക്കികാണുന്നു എന്നും തനിക്ക് സമൂഹത്തിലുള്ള പ്രാധാന്യം

എന്താണെന്നും മനസ്സിലാക്കാൻ പറ്റാതിരിക്കുക,തിരിച്ചറിയാൻ പറ്റാതിരിക്കുക.ഈ പ്രശ്നത്തെ മനസ്സിലാക്കാൻ അറിവുള്ളവരോട് ചോദിച്ചറിയുകയോ നല്ല പുസ്തകങ്ങൾ വായിച്ചറിയുകയോ ചെയ്യാവുന്നതാണ്.

അനന്തകിരൺ പി .ടി.

# കഴിവുകളെ

# തുറക്കാം

അളകാപുരി രാജ്യത്ത് ഭീമസേനൻ എന്ന രാജാവുണ്ടായിരുന്നു. അദ്ദേഹത്തിന് ഒരു കണ്ണും ഒരു കാലും ഉണ്ടായിരുന്നില്ല. രാജാവ് തന്റെ പ്രതിമ നിർമിക്കാൻ ശിൽപ്പികളോട് പറഞ്ഞു. എല്ലാ ശിൽപ്പികളും അതിൽ നിന്ന് ഒഴിഞ്ഞു മാറി.എന്നാൽ വീരസേനൻ എന്ന ശിൽപ്പി പ്രതിമ ഉണ്ടാക്കാമെന്ന് സമ്മതിച്ചു. മാസങ്ങൾ കഴിഞ്ഞു. രാജാവ് ശിൽപ്പം കാണാനെത്തി .അത്ഭുതം, രാജാവ് അമ്പരന്നു. തന്റെ പ്രതിമ വളരെ നല്ല രീതിയിൽ നിർമ്മിച്ചിരിക്കുന്നു. താൻ ഒരു കണ്ണടച്ച് ഒറ്റക്കാലിൽ നിന്ന് അമ്പെയ്യുന്ന ശിൽപ്പം.

സന്ദേശം: നമ്മുടെ ജീവിതത്തിൽ ധാരാളം കുറവുകൾ ഉണ്ടാവും അവയെല്ലാം തരണം ചെയ്ത് നാം മുന്നേറണം.

# ആധാരം

സ്നേഹം കൊണ്ട്

അച്ഛൻ

മക്കൾക്കെഴുതിക്കൊടുത്ത

ആധാരം.

പിറ്റേന്നച്ഛന് മക്കളെഴുതിക്കൊടുത്ത

വഴിയാധാരം.

പെരുവഴിയാധാരം രജിസ്റ്റർ ചെയ്യേണ്ടതില്ല....

## സാക്ഷരത

ഇന്ത്യയിൽ സമ്പൂർണ്ണ സാക്ഷരതനേടിയ ആദ്യത്തെ സംസ്ഥാനമാണ് കേരളം. 1991 ഏപ്രൽ 18 നാണ് കേരളം സമ്പൂർണ്ണ സാക്ഷരതകൈവരിച്ചതായി പ്രഖ്യാപിക്കപ്പെട്ടത്.2011 ലെ സെൻസസ് പ്രകാരം ആകെ സാക്ഷരതാ നിരക്ക് [പുരുഷൻ-96.2% സ്ത്രീ-91.98%] ആണ്. ഗ്രാമീണ സാക്ഷരതാ നിരക്ക് 92.9%വും നഗരത്തിലെ സാക്ഷരതാ നിരക്ക്95.01% വുമാണ്.

ഏറ്റവും കൂടുതൽ സാക്ഷരതയുള്ള ജില്ല പത്തനംതിട്ടയും കുറഞ്ഞ സാക്ഷരതയുള്ള ജില്ല പാലക്കാടുമാണ്. സമ്പൂർണ്ണ സാക്ഷരത നേ0 ടിയ ആദ്യത്തെ ഗ്രാമപഞ്ചായത്ത് കണ്ണൂർ ജില്ലയിലെ ഏഴോംആണ്.1990 ലെ സർവ്വെ അനുസരിച്ച് കേരളത്തിലൊട്ടാകെ28,20,338 നിരക്ഷരാണുണ്ടായിരുന്നത്.ഇവരെ സാക്ഷരരാക്കാൻ 3 ലക്ഷത്തോളം സന്നദ്ധപ്രവർത്തകർ രംഗത്തിറങ്ങി. 2011 ൽ കേരളത്തിൽ വെറും 6% പേർമാത്രം നിരക്ഷരായിരുന്നപ്പോൾ ദേശീയത്തിൽ നാലിലൊരാൾ നിരക്ഷരരാണ്.



നന്ദിയോടെ ഒരു വാക്ക്....

മയൂഖം എന്ന് നാമകരണം ചെയ്യപ്പെട്ട ഡിജിറ്റൽ മാഗസിന്റെ സൃഷ്ടികർമ്മത്തിൽ പങ്കാളികളാകാനും നവീന സാങ്കേതിക വിദ്യയുടെ അപാരതയെ തിരിച്ചറിയാനും ഭാവിയിൽ മലയാളം ടൈപ്പിങ്ങിന്റെ നിരവധി സാധ്യതകൾ ജീവിതത്തിൽ പ്രയോജനപ്പെടുത്തുവാനും ഞങ്ങൾക്ക് വഴികാട്ടിയായ ലിറ്റിൽ കൈറ്റ് അധ്യാപിക ലിൻറ്റ ടീച്ചർക്കും ഈ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ് അംഗങ്ങൾക്കും നന്ദി.....

സ്റ്റുഡന്റ്സ് എഡിറ്റർ

അഖിലേഷ് ബാബു

